# ആമുഖം

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ പ്രധാന ലക്ഷ്യം ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങൾ ആക്കി മാറ്റുക എന്നതാണ്. സമഗ്ര ഗുണമേന്മ വിദ്യാഭ്യാസ പദ്ധതിയുടെ ഭാഗമായി എല്ലാ സ്കൂളിലും ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു വരികയാണല്ലോ.ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടെയും അറിവും കഴിവും ഓരോ പ്രായ ഘട്ടത്തിനനുസൃതമായും കരിക്കുലം വിഭാവനം ചെയ്ത പ്രകാരവും ഉയർന്ന തരത്തിലേക്ക് എത്തിക്കേണ്ടതുണ്ട്.ഇതിനായി കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടെയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്.

ഓരോ കുട്ടിയുടെയും കഴിവുകളും പരിമിതികളും തിരിച്ചറിഞ്ഞ് മുഴുവൻ കുട്ടികൾക്കും പഠന മുന്നേറ്റത്തിന് അവസരങ്ങൾ ഒരുക്കുന്നതിന് സമഗ്രമായി ആസൂത്രണം ചെയ്ത അക്കാദമിക മാസ്റ്റർ പ്ലാൻ സഹായകമാകും.സാമൂഹിക പങ്കാളിത്തത്തോടെ രൂപപ്പെടുത്തുന്ന അക്കാദമിക മാസ്റ്റർ പ്ലാൻ പ്രാവർത്തികമാക്കുന്നതിലൂടെ വിദ്യാലയം മികവിന്റെ കേന്ദ്രമായി മാറുമെന്ന് പ്രത്യാശിക്കാം

**.ലക്ഷ്യങ്ങൾ**

1 സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും കരിക്കുലം വിഭാവനം ചെയ്യുന്ന പഠന നേട്ടങ്ങൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.

2 കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പ്രോത്സാഹിപ്പിച്ച് ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കുക.

3 എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.

4 മികച്ച ശാരീരിക മാനസിക വൈകാരിക ആരോഗ്യം ഉറപ്പാക്കുക.

5 പഠനത്തെ പരിസരബന്ധി യായും ജീവിതഗന്ധിയായും ആക്കുവാൻ ആവാസ പരിസര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക.

6 വായനയെ ഒരു സംസ്കാരമായി രൂപപ്പെടുത്തുന്നതിന് ആവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങൾ ഒരുക്കുക.

7 ആധുനിക സാങ്കേതിക വിദ്യാ സാധ്യതകൾ കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കുക.

8 ക്ലബ്ബ് പ്രവർത്തനങ്ങൾ ഫലവത്തായ രീതിയിൽ ആസൂത്രണം ചെയ്തു നടപ്പാക്കൽ.

9 ജൈവവൈവിധ്യ കലവറയായി വിദ്യാലയത്തെ മാറ്റൽ.

10 മാലിന്യ മുക്ത ഹരിത വിദ്യാലയം പദ്ധതി നടപ്പിലാക്കൽ

11 സ്കൂൾ സൗന്ദര്യവൽക്കരണം,പച്ചക്കറി തോട്ടനിർമ്മാണം എന്നിവ നടപ്പിലാക്കുന്നതിനും പരിപാലിക്കുന്നതിനുമായി പ്രത്യേക വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കാൻ.

12 ജനാധിപത്യ രീതിയിലുള്ള സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് ഒരുക്കൽ.

13 വിദ്യാലയം ഹൈടെക് ആക്കി മാറ്റൽ.

14 പുതിയ കാലഘട്ടത്തിലെ വെല്ലുവിളികൾക്കനുസൃതമായി രക്ഷിതാക്കൾക്കുള്ള ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ.

15 രാസ ലഹരി, മൊബൈൽ അഡിക്ഷൻ തുടങ്ങിയവയ്ക്കെതിരെ മുൻകരുതൽ എടുക്കൽ.

16 പോക്സോ സംബന്ധമായ ബോധവൽക്കരണം.

**വിദ്യാലയ ചരിത്രം**

1976 സ്ഥാപിതമായ അമ്പായത്തോട് ഏൽപി സ്കൂൾ പ്രദേശത്തിന്റെ ചരിത്രത്തിലെ ഒരു നാഴിക കല്ലായി മാറി ഇവിടത്തെ കുട്ടികൾക്ക് വിദ്യാഭ്യാസം ഒരു കിട്ടാക്കനിയായിരുന്നു. കിലോമീറ്ററുകൾ നടന്ന വിദ്യാലയങ്ങൾ തേടിപ്പോകാൻ നാട്ടുകാർ വളരെ ബുദ്ധിമുട്ടി ഇത്തരത്തിൽ വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട അവസ്ഥയിലാണ് സ്വപ്നസാക്ഷാത്കാരമായി ഈ വിദ്യാലയം പ്രവർത്തനം ആരംഭിച്ചത് ശ്രീ വി കെ അഹമ്മദ് കുട്ടിയാണ് ഒരേക്കർ സ്ഥലം സ്കൂളിന് അനുവദിച്ചത്

ശ്രീ വി കെ അഹമ്മദ് കുട്ടി മാനേജരായ ഈ വിദ്യാലയത്തിന്റെ പ്രധാന ഹെഡ്മാസ്റ്റർ വി പത്മനാഭൻമാസ്റ്ററും വിദ്യാർത്ഥി വസന്ത എടിയുമായിരുന്നു.126 കുട്ടികളുമായി ഒറ്റക്കെട്ടിടത്തിൽ തുടങ്ങിയ സ്കൂൾ ക്രമേണ വളർച്ചയുടെ പടവുകൾ ഒന്നൊന്നായി കീഴടക്കി കൊണ്ടിരുന്നു.

2011ൽ വ്യാപാരി വ്യവസായി ഏകോപന സമിതി താമരശ്ശേരി യൂണിറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സേവനധാര ട്രസ്റ്റ് സ്കൂൾ ഏറ്റെടുക്കുകയും ഭൗതിക സാഹചര്യങ്ങൾ വിപ്ലവകരമാം വിധം പുരോഗമിപ്പിക്കുകയും ചെയ്തു.

**വിദ്യാലയത്തിന്റെ മികവുകളും പരിമിതികളും**

2023 24 അധ്യയന വർഷത്തിൽ അക്കാദമിക പ്രവർത്തനരംഗത്ത് ശ്രദ്ധേയമായ ഇടപെടലുകൾ നടത്താനും മികവ് തെളിയിക്കാനും കഴിഞ്ഞിരുന്നു.

പിന്നോക്ക കാരായ കുട്ടികളിൽ ഭാഷയിലും ഗണിതത്തിലും അടിസ്ഥാനശേഷി ഉറപ്പിക്കുന്നതിനായി പ്രത്യേകം തയ്യാറാക്കിയ അക്ഷരവെളിച്ചം, പദ്ധതി ഏറെ ശ്രദ്ധേയമായി.

ജൂൺ മാസത്തിൽ തന്നെ കുട്ടികളുടെ ഭാഷ ഗണിതശേഷികൾ പ്രീ ടെസ്റ്റ് നടത്തി കണ്ടെത്തുകയും പിന്നോക്കക്കാർക്കായി പ്രത്യേക മോഡ്യൂലുകൾ തയ്യാറാക്കി പരിശീലനം നൽകുകയും ചെയ്തു. ഈ പദ്ധതി 80 ശതമാനം ലക്ഷ്യം കൈവരിച്ചിട്ടുണ്ട്.

ഇംഗ്ലീഷ് ഭാഷ അനായാസം കൈകാര്യം ചെയ്യുന്നതിന് വേണ്ടി നടപ്പിലാക്കിയ FALCON ( English enrichment program) എടുത്തു പറയാവുന്ന പ്രവർത്തനങ്ങളിൽ ഒന്നായിരുന്നു-. English Day,English assembly, one day one word, English fest എന്നീ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നടപ്പിൽ വരുത്തി.

'മധുര വായന' പദ്ധതിയും പ്രത്യേകം ശ്രദ്ധിക്കപ്പെടുകയുണ്ടായി. കുട്ടികളിൽ വായനാ താല്പര്യം ഉണർത്തുക എന്ന ലക്ഷ്യത്തോടെയാണ് ഈ പദ്ധതിക്ക് തുടക്കമിട്ടത്.സ്കൂൾ ലൈബ്രറി ശാക്തീകരണം, ക്ലാസ് ലൈബ്രറി ശക്തികരണം ഹോം ലൈബ്രറി,അമ്മ വായന ആഴ്ച ചോദ്യങ്ങൾ പത്രവായന തുടങ്ങിയ പ്രവർത്തനങ്ങൾ ഈ പദ്ധതിയിലൂടെ നടത്തിയിരുന്നു.

സ്കൂൾ സൗന്ദര്യവൽക്കരണ പദ്ധതിയുടെ ഭാഗമായി സ്കൂളിൽ സ്ഥാപിച്ച കുട്ടികളുടെ പാർക്കും അതോടൊപ്പം പൂന്തോട്ട നിർമ്മാണ പദ്ധതിയും പ്രത്യേകം ശ്രദ്ധിക്കപ്പെട്ടു. പ്രത്യേക സ്ക്വാഡ് രൂപീകരിച്ച് ചെടികൾക്ക് വെള്ളവും വളവും നൽകി പരിപാലിക്കുന്നതിന് കുട്ടികൾ സജീവമായി രംഗത്തുണ്ട്.

കലാകായികരംഗത്തും പ്രത്യേക ശ്രദ്ധയും പരിഗണനയും നൽകാൻ കലാലയം ശ്രദ്ധിക്കുന്നുണ്ട്.സ്കൂൾ കലോത്സവത്തിന് പുറമെ വർഷാന്ത്യം നടക്കുന്ന വാർഷികാഘോഷ പരിപാടി വളരെ വിപുലവും വർണാഭവുമായി മാറി.

ഉപജില്ല കലാമേളയിൽ ജനറൽ വിഭാഗത്തിൽ 13 ഇനങ്ങളിൽ 12 ഇനങ്ങളിലും എ ഗ്രേഡും വിവിധ സ്ഥാനങ്ങളും നേടി ഓവറോൾ മൂന്നാം സ്ഥാനവും, അറബിക് കലാമേളയിൽ നാലാം സ്ഥാനവും കരസ്ഥമാക്കി. പങ്കെടുത്ത ഇനങ്ങളിൽ എല്ലാം തന്നെ എ ഗ്രേഡും ഒന്ന് രണ്ട് സ്ഥാനങ്ങളും നേടി ഷജ മെഹറിൻ ഉപജില്ലയിലെ വ്യക്തിഗത ചാമ്പ്യൻഷിപ്പ് കരസ്ഥമാക്കി.

ശാസ്ത്രോത്സവത്തിലെ മുഴുവൻ മേളകളിലും പങ്കെടുത്തു. ശാസ്ത്രമേളയിലെ കളക്ഷൻ വിഭാഗത്തിൽ എ ഗ്രേഡും മൂന്നാം സ്ഥാനവും നേടുകയും ഓവറോൾ നാലാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. സാമൂഹ്യശാസ്ത്രമേളയിൽ സ്റ്റിൽ മോഡൽ വിഭാഗത്തിൽ മൂന്നാം സ്ഥാന

വും എ ഗ്രേഡും കരസ്ഥമാക്കി. ഗണിത പ്രവർത്തിപരിചയമേളകളിൽ പങ്കെടുത്ത ഇനങ്ങളിൽ എല്ലാം എ ഗ്രേഡ് വിവിധ സ്ഥാനങ്ങളും കരസ്ഥമാക്കാൻ സാധിച്ചു.

FALCON പദ്ധതിയുടെ ഭാഗമായി നടന്ന English fest ഏറെശ്രദ്ധയാകർഷിക്കപ്പെട്ട ഒന്നായിരുന്നു.

FALCON, അക്ഷര വെളിച്ചം എന്നീ പദ്ധതികൾ അക്കാദമിക രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ സഹായിച്ചിട്ടുണ്ട്.

പ്രവർത്തനങ്ങൾ വിജയപ്രദമാക്കാൻ പിടിഎ,എം പി ടി എ,എസ് എസ് ജി എന്നിവ നൽകുന്ന പിന്തുണ അഭിനന്ദനാർഹമാണ്.

സാമ്പത്തികമായും വിദ്യാഭ്യാസപരമായും പിന്നോക്കം നിൽക്കുന്ന കുടുംബാന്തരീക്ഷങ്ങളിൽ നിന്നും എത്തുന്ന കുട്ടികളെ വേണ്ടത്ര രീതിയിലേക്ക് പുരോഗതിയിലേക്ക് എത്തിക്കാൻ പ്രയാസം നേരിടുന്നത് അക്കാദമിക രംഗത്തെ പോരായ്മയാണ്.